പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1314

20.1.2014- ൽ
മറുപടിക്ക്

## തൊണ്ട് ശേഖരണത്തിന് പദ്ധതി

| ചോദ്യം<br><br>ശ്രീ.ജി.സുധാകരൻ | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) തൊണ്ടുശേഖരണത്തിന് നിലവിലുള്ള പദ്ധതികൾ വിശദമാക്കാമോ; | (എ): തൊണ്ട് ശേഖരണത്തിനായി നാളികേര തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചു. കയർ സഹകരണ സംഘങ്ങൾ സ്വന്തം ആവശ്യത്തിനു ചകിരി ഉൽപാദിപ്പിക്കുന്നതിനും തൊണ്ട് ശേഖരണം നടത്തിവരുന്നു. പരിഷ്ക്കരിച്ച തൊണ്ട് ശേഖരണ പദ്ധതിയിലൂടെ കൺസോർഷ്യങ്ങൾക്കും സഹകരണ സംഘങ്ങൾക്കും സ്വകാര്യ മേഖലയ്ക്കും തൊണ്ട് ശേഖരണത്തിന് മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. പ്രധാന സഹായം ചുവടെ കൊടുക്കുന്നു.<br><br>• തൊണ്ടു സംഭരിക്കുന്നതിന് തൊണ്ടു സംഭരണ കൺസോർഷ്യങ്ങൾക്കു 5.00 ലക്ഷം റിവോൾവിംഗ് ഫണ്ട്, കടത്തുകൂലിയുടെ 50% ഗ്രാന്റ്, കൺസോർഷ്യത്തിലെ 2 ജീവനക്കാർക്ക് മാനദണ്ഡ പ്രകാരം റെമ്യൂണറേഷൻ.<br>• തൊണ്ട്സംഭരിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് നൽകുന്നു.<br>• തൊണ്ട് ശേഖരിക്കുന്ന ആക്ടിവിറ്റി ഗ്രൂപ്പിലെ വ്യക്തിക്ക് പരമാവധി പ്രതിദിന വേതനം 150 രൂപ.<br>• സംഭരിക്കുന്ന പച്ചത്തൊണ്ടിന് 15 പൈസ- |

| | |
|---|---|
| | യും ഉണക്കത്തൊണ്ടിന് 10 പൈസയും ഇൻസെന്റീവ്.<br>• കൺസോർഷ്യവുമായി ബന്ധപ്പെട്ട മീറ്റിംഗിൽ പങ്കെടുക്കുന്നവർക്ക് ഒരാളിന് 10 രൂപയിൽ അധികരിക്കാത്ത റിഫ്രഷ്മെന്റ് ചാർജ്ജ്<br>• ഡീഫൈബറിംഗ് മെഷീൻ ഉള്ള കയർ മേഖലയിലെ സഹകരണ സംഘങ്ങളിൽ ഉല്പാദനത്തിന് സംഭരിക്കേണ്ടി വരുന്ന തൊണ്ട്, പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾ ടി സംഘം മുഖേന തന്നെ ശേഖരിക്കുകയാണെങ്കിൽ ആ തൊഴിലാളികൾക്ക് ആക്ടിവിറ്റി ഗ്രൂപ്പ് അംഗങ്ങൾക്ക് നല്കുന്ന മാനദണ്ഡ പ്രകാരം പ്രതിദിനം ലഭിക്കുന്ന 150 രൂപയും സംഭരിക്കുന്ന തൊണ്ടിന് ഇൻസെന്റീവും ലഭിക്കും.<br>• പ്രോജക്റ്റ് ലെവൽ ഹസ്ക്ക് പ്രൊക്യൂർ-മെന്റ് കമ്മറ്റിയുടെയും മോണിറ്ററിംഗ് കമ്മറ്റിയുടെയും ഘടനകളിൽ മാറ്റങ്ങൾ വരുത്തി. |
| (ബി) എത്ര തൊണ്ടു ശേഖരണ കണ്ടസോർഷ്യങ്ങൾ പ്രവർത്തിക്കുന്നു ; അവ ഓരോന്നും നടപ്പുവർഷം എത്ര തൊണ്ടു വീതം സംഭരിച്ചു എന്ന് വ്യക്തമാക്കാമോ : | (ബി) 23 തൊണ്ട് ശേഖരണ കൺസോർഷ്യങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം ശേഖരിച്ച തൊണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പ്രോജക്റ്റ് ഓഫീസ് | തൊണ്ട് ശേഖരണ കൺസോർഷ്യങ്ങൾ | നടപ്പു സാമ്പത്തിക വർഷം ശേഖരിച്ച തൊണ്ടിന്റെ എണ്ണം |
|---|---|---|---|
| 1 | നോർത്ത് പറവൂർ | | |
| | | പറവൂർ താലൂക്ക് | 532491 |
| 2 | | കൊച്ചി കണയന്നൂർ താലൂക്ക് | 86041 |
| 3 | വൈക്കം | വേമ്പനാടൻ തൊണ്ട് - സംഭരണ ചാരിറ്റബിൾ സൊസൈറ്റി | 8597 |
| 4 | പൊന്നാനി | ചിറ്റൂർ ബ്ലോക്ക് | |

| | | | |
|---|---|---|---|
| | | | 4452000 (കൺസോർഷ്യത്തിനു കീഴിലെ സ്വകാര്യ ഡീഫൈബറിംഗ് യൂണിറ്റുകൾ ശേഖരിച്ചത്) |
| 5 | കോഴിക്കോട് | കൊയിലാണ്ടി | 4977 |
| | | കോഴിക്കോട് മേഖല | 158885 |
| | | കുന്നമംഗലം കൊടുവള്ളി ബ്ലോക്ക് | 42820 |
| | | ചേളന്നൂർ | 42995 |
| 6 | കണ്ണൂർ | നീലേശ്വരം | 3793650 |
| | | തളിപ്പറമ്പ് | 5893655 |
| | | ഇരിട്ടി | 398600 |
| | | തലശ്ശേരി | 272050 |

| | |
|---|---|
| സി) കേരളത്തിൽ ഉൽപാദിപ്പിക്കുന്ന പരമാവധി തൊണ്ട് കയർ മേഖലയ്ക്ക് ലഭ്യമാക്കാൻ കഴിയുന്ന പദ്ധതി നാളികേര വികസന ബോർഡുമായി ചേർന്ന് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ? | സി) കേരളത്തിൽ ഉത്പാദിപ്പിക്കുന്ന പ രമാവധി തൊണ്ട് കയർ മേഖലയ്ക്ക് ലഭ്യമാക്കാൻ കഴിയുന്ന പദ്ധതി നാളികേര വികസന ബോർഡുമായി ചേർന്ന് നടപ്പാക്കുന്നതിന്റെ ഭാഗമായി നാളികേര വികസന ബോർഡ് ചെയർമാനുമായി ഒരു യോഗം ചേരുകയുണ്ട ായി. ആയതി ന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വ രികയാണ്. |

സെക്ഷൻ ഓഫീസർ